**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **01-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വകമാറ്റം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. സി. വിഷ്ണുനാഥ്</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുൻ സർക്കാരിന്റെ കാലം മുതൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും ട്രഷറിയിലേക്കോ സർക്കാർ നിർദ്ദേശ പ്രകാരം ബോർഡുമായി ബന്ധമില്ലാത്ത ചെലവുകൾക്കായോ പണം വകമാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ഇപ്രകാരം പണം വക മാറ്റി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;</td><td>(എ)</td><td>ട്രഷറി അക്കൗണ്ടുകളിലേയ്ക്കുള്ള ഊർജ്ജിത ധനസമാഹരണത്തിന്റെ ഭാഗമായി കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും സർക്കാരിന് വായ്പയായി നാല് തവണ ആകെ 515 കോടി രൂപ നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഓരോ തവണയും എത്ര തുകയാണ് ഇപ്രകാരം നൽകിയതെന്നും ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>സർക്കാരിന് വായ്പയായി നൽകിയ തുക<br><table><tr><th>തീയതി</th><th>വായ്പ നൽകിയ തുക</th></tr><tr><td>06-03-15</td><td>100 കോടി</td></tr><tr><td>23-03-16</td><td>100 കോടി</td></tr><tr><td>26-08-16</td><td>215 കോടി</td></tr><tr><td>28-12-17</td><td>100 കോടി</td></tr></table></td></tr>
<tr><td>(സി)</td><td>ഇപ്രകാരം വക മാറ്റി നൽകിയ പണം ബോർഡിലേക്ക് തിരിച്ചു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പണം തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(സി)</td><td>ഓരോ തവണയും സർക്കാരിന് വായ്പയായി നൽകിയ തുകയും തിരികെ ലഭിച്ച തുകയും ചുവടെ ചേർക്കുന്നു.<br><table><tr><th>വായ്പ നൽകിയ തുക</th><th>പലിശ സഹിതം തിരികെ ലഭിച്ച തുക</th></tr><tr><td>100 കോടി</td><td>101,33,65,430/-</td></tr><tr><td>100 കോടി</td><td>106,09,74,528/-</td></tr><tr><td>215 കോടി</td><td>235,71,31,000/-</td></tr><tr><td>100 കോടി</td><td>104,70,00,000/-</td></tr></table></td></tr>
<tr><td>(ഡി)</td><td>സ്വയം പര്യാപ്തമായ രീതിയിൽ വരുമാനം</td><td>(ഡി)</td><td>മുൻകാലങ്ങളിൽ ബോർഡ് സാമ്പത്തികമായി</td></tr>
</table>

| | | | |
|---|---|---|---|
| | ഉണ്ടായിരുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ? | | മെച്ചപ്പെട്ട അവസ്ഥയിലായിരുന്നു. സർക്കാർ നിശ്ചയിച്ച സാമൂഹ്യ സുരക്ഷാ പെൻഷന്റെ അതേ നിരക്കിൽ തന്നെയാണ് ബോർഡും പെൻഷൻ നൽകുന്നത് ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം സെസ്സ് പിരിവാണ്. കാലാകാലങ്ങളിലെ പെൻഷൻ തുകയിലെ വർദ്ധനവിനും പെൻഷൻകാരുടെ വർദ്ധനവിനും ആനുപാതികമായി സെസ്സ് പിരിവ് ലഭിച്ചിരുന്നില്ല. 2017 ഡിസംബർ മാസത്തിൽ 245980 പെൻഷൻകാരാണ് ഉണ്ടായിരു ന്നതെങ്കിലും അഞ്ച് വർഷത്തിനുശേഷം നിലവിൽ 364439 പെൻഷൻകാരാണുള്ളത്. 2017 കലണ്ടർ വർഷത്തെ പെൻഷൻ വിതരണ കണക്ക് പരിശോധിച്ചതിൽ 27.11 കോടി രൂപയാണ് പ്രതിമാസം ചെലവഴിച്ചതെങ്കിൽ നിലവിൽ 58.5 കോടി രൂപയാണ് പെൻഷൻ വിതരണത്തിന് പ്രതിമാസം ആവശ്യമായുള്ളത്. ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് പിരിവിലൂടെ പ്രതിമാസം 30 കോടി രൂപയാണ് ലഭിക്കുന്നത്. എന്നാൽ പെൻഷനും, മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനും, ഭരണപരമായ ചെലവുകൾക്കും പ്രതിമാസം ഏകദ്ദേശം 69 കോടി രൂപ ആവശ്യമാണ്. തൊഴിൽ വകുപ്പിന്റെ ശ്രമഫലമായി 2021-22ൽ 285.60 കോടി രൂപയാണ് സെസ്സിനത്തിൽ പിരിച്ചെടുത്തതെങ്കിൽ 2022-23 ൽ 370 കോടി രൂപ പിരിച്ചെടുക്കാനായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ